## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2330

05.02.2018 ൽ മറുപടിക്ക്

### കിനാലൂരിലെ കെ.എസ്.ഐ.ഡി.സി ഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ വികസനത്തിനായി കിനാലൂരിൽ കെ.എസ്.ഐ.ഡി.സി ആകെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് കൈവശം വെച്ചിരിക്കുന്നത് എന്നറിയിക്കാമോ; ഇതിൽ അവികസിത ഏരിയയായി എത്ര ഏക്കർ ഭൂമിയാണുള്ളത്; | (എ) | വ്യവസായ വികസനത്തിനായി കിനാലൂരിൽ കെ എസ് ഐ ഡി സി 310.71 ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് കൈവശം വച്ചിരിക്കുന്നത്. ഇതിൽ അവികസിത ഏരിയയായി 157 ഏക്കർ ഭൂമിയുണ്ട്. ഈ ഭൂമിയുടെ പ്രവർത്തനങ്ങൾക്കായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി നിയമിച്ചിട്ടുണ്ട്. |
| (ബി) | കിനാലൂരിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് ഇപ്പോൾ ഭൂമി അനുവദിച്ചിട്ടുള്ളത്; ഇനി എത്ര ഏക്കർ ഭൂമി അനുവദിക്കാൻ ബാക്കിയുണ്ട് അറിയിക്കാമോ; | (ബി) | ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ കിനാലൂരിൽ ജനറൽ വിഭാഗത്തിൽപ്പെട്ട പാദരക്ഷാ വ്യവസായം, ഭക്ഷ്യ വ്യവസായം, പാക്കിംഗ് വ്യവസായം, മരവ്യവസായം, ലൈറ്റ് എൻജിനീയറിങ്ങ്, മുതലായ എല്ലാത്തരം വ്യവസായങ്ങൾ തുടങ്ങുന്ന തിനായി ഭൂമി അനുവദിച്ചിട്ടുണ്ട്. പുതുതായി വികസിപ്പിച്ചെടുക്കുന്ന 157 ഏക്കർ ഭൂമിയാണ് വ്യവസായങ്ങൾക്കായി ഇനി അനുവദിക്കാൻ ബാക്കിയുള്ളത്. |

| | | | |
|---|---|---|---|
| (സി) | അവികസിതമായി കണക്കാക്കിയിട്ടുള്ള എത്ര ഏക്കർ ഭൂമിയാണ് വ്യവസായേതര ആവശ്യങ്ങൾക്കായി വിട്ടുകൊടുത്തിട്ടുള്ളത്; | (സി) | കിനാലൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വ്യവസായേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുത്ത ഭൂമിയുടെ കണക്ക് ചുവടെ കൊടുക്കുന്നു.<br>1. ഉഷ സ്കൂൾ ഓഫ് അത് ലറ്റിക്സ്- 30 ഏക്കർ<br>2. ഗവൺമെന്റ് ആർട്സ് കോളേജ് - 5 ഏക്കർ<br>3. ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് -2 ഏക്കർ. |
| (ഡി) | ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനായി ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ? | (ഡി) | ഇല്ല. സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച ഗവ. ആർട്സ് & സയൻസ് കോളേജുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ബാലുശ്ശേരി ഗവ. ആർട്സ് & സയൻസ് കോളേജും ഉൾപ്പെട്ടിരുന്നു. എങ്കിലും പ്രസ്തുത കോളേജ്, പുതിയതായി ആരംഭിച്ച ഗണത്തിൽ ഉൾപ്പെട്ടിരുന്നില്ല എന്നതിനാൽ കിഫ്ബി മുഖേനയുള്ള കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പാക്കേജ് അംഗീകരിച്ചുകൊണ്ടുള്ള 13.11.2017 ലെ സ.ഉ (എം. എസ്) നം. 285/2017/ഉ.വി.വ യിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. |

Bindu T

**സെക്ഷൻ ഓഫീസർ.**